## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1099 04/12/2014-ലെ മറുപടിക്ക്

### പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഹയർ സെക്കണ്ടറി പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ അധ്യയനവർഷത്തിന്റെ ഇടയ്ക്ക് നടത്തുന്നതിനാൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ നിലവിലുള്ള സമ്പ്രദായം മാറ്റുന്നത് വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്കും ഉപരിപഠന സാദ്ധ്യതകൾക്കും ഗുണകരമല്ല. |
| (ബി) എങ്കിൽ പ്രസ്തുത പരീക്ഷ അധ്യയനവർഷത്തിന്റെ അവസാനം നടത്തുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ